## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3166

07.02.2018-ൽ
മറുപടിയ്ക്ക്

## ഹൗസിംഗ് ബോർഡ് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീ.വി.എസ്. ശിവകുമാർ
ശ്രീ.വി.ടി. ബൽറാം
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. സണ്ണി ജോസഫ്

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഹൗസിംഗ് ബോർഡ് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൈത്രി ഭവന വായ്പ എഴുതി തള്ളിയ വകയിൽ 137.94 കോടി രൂപയും പലിശ സബ്സിഡി അനുവദിച്ച ഇനത്തിൽ 164.85 കോടി രൂപയും ഉൾപ്പെടെ 302.79 കോടി രൂപ സർക്കാർ അനുവദിച്ച് നൽകണമെന്ന് ഭവന നിർമ്മാണ ബോർഡ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായില്ല. |
| (ബി) കാലം മാറിയതിനനുസരിച്ച് നൂതന മേഖലകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി, 1971 ലെ ഹൗസിംഗ് ബോർഡ് ആക്ട് ഭേദഗതി ചെയ്ത്, ബോർഡിനെ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് പുതിയ ഭരണ സമിതി നിലവിൽ വന്നതിനാൽ, 1971 ലെ ഭവന നിർമ്മാണ ബോർഡ് ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി പുതുക്കിയ സമഗ്രമായ പ്രൊപ്പോസൽ പുതിയ ഭരണ സമിതിയുടെ അംഗീകാരത്തോടെ ലഭ്യമാക്കുവാൻ 20.11.2017 ൽ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിലവിലുള്ള ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ